പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1806

04.12.2018-ൽ മറുപടിയ്ക്ക്

# കെ.ടി.യു. പരീക്ഷ കലണ്ടർ

*ചോദ്യം*

ശ്രീ.കെ.വി.വിജയദാസ്

*ഉത്തരം*

ഡോ.കെ.ടി.ജലീൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.ടി.യു. പരീക്ഷകൾ ഒന്നും തന്നെ സമയത്ത് നടക്കുകയോ അഥവാ നടന്നാൽ തന്നെ സമയത്ത് പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയോ ചെയ്യാറില്ലെന്നുള്ള മാധ്യമവിമർശനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) & (ബി) | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്ന അക്കാഡമിക് കലണ്ടർ പ്രകാരം പരീക്ഷകൾ നടത്തുവാൻ ശ്രദ്ധിക്കാറുണ്ട്. പല സന്ദർഭങ്ങളിലും പരീക്ഷകൾ മാറ്റി വയ്ക്കണമെന്ന് കുട്ടികൾ ആവശ്യപ്പെടാറുണ്ട്. എന്നിരുന്നാലും പരീക്ഷ കലണ്ടർ പ്രകാരം തന്നെ ഭൂരിപക്ഷം പരീക്ഷകൾ നടത്തുകയും അവയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ മേൽനോട്ടത്തിനും വിലയിരുത്തലിനുമായി പ്രൊ വൈസ് ചാൻസലർ കൺവീനർ ആയി സർവകലാശാലയുടെ Statutory Officer മാർ അടങ്ങുന്ന ഒരു സമിതിയെ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാഡമിക് കലണ്ടർ പ്രകാരം യഥാസമയം ഫലം പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കാറുണ്ട്. ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. ഓരോ അധ്യയന |
| (ബി) | കെ.ടി.യു-വിൽ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ച് ആയത് കൃത്യമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | വർഷത്തിന്റെ ആരംഭത്തിലും അക്കാഡമിക് കലണ്ടർ പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരീക്ഷകൾ നടത്താനും ശ്രദ്ധിക്കാറുണ്ട്. ഇതിനു പുറമേ, വരുന്ന അധ്യയന വർഷം മുതൽ എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ഉൾപ്പെടെയുള്ള എല്ലാ സർവകലാശാലയിലും ഏകീകൃത പരീക്ഷാ കലണ്ടർ രൂപപ്പെടുത്താനും സമയബന്ധിതമായി പരീക്ഷകൾ നടത്താനും ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഇത്തരം പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ ബിരുദ പരീക്ഷകളുടെ റിസൾട്ടുകൾ പരീക്ഷ കഴിഞ്ഞു പരമാവധി 3 മാസത്തിനകം പബ്ലിഷ് ചെയ്യുകയും പുനർമൂല്യനിർണയ റിസൾട്ടുകൾ രണ്ടു മാസത്തിനകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇന്ത്യയിലെതന്നെ പല യൂണിവേഴ്സിറ്റികളിലും ഫലപ്രഖ്യാപനം വന്നശേഷവും കെ.ടി.യുവിൽ നിന്ന് ഫലപ്രഖ്യാപനം വരാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ഡി) | ഇല്ല. അത്തരം സാഹചര്യം നിലവിൽ ഇല്ല. പരീക്ഷ കഴിഞ്ഞു പരമാവധി മൂന്ന് മാസത്തിനകം റിസൾട്ടുകൾ പ്രസിദ്ധീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ